പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 926 30/10/2019 ൽ മറുപടിക്ക്

**മൃഗസംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ**

ചോദ്യം

**ശ്രീ.മഞ്ഞളാംകുഴി അലി:**

മറുപടി

അഡ്വ .കെ.രാജു
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ മന്ത്രി).

| | | | |
|---|---|---|---|
| എ) | മൃഗസംരക്ഷണ വകുപ്പ് മുഖേന 2019-20 വർഷത്തിൽ പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ള ആട്ടുവളർത്തൽ പദ്ധതിയിലൂടെ ആലിപ്പറമ്പ്, ഏലംകുളം, താഴേക്കോട് പഞ്ചായത്തുകളിലെ എത്ര ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാനാണ് ഉദ്ദേശിക്കുന്നത്; പദ്ധതിയുടെ നിലവിലത്തെ സ്ഥിതിയും വിശദാംശവും ലഭ്യമാക്കുമോ; | എ) | ആലിപ്പറമ്പ്- 1<br>ഏലംകുളം -1<br>താഴേക്കോട് -2<br>പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| ബി) | ആലിപ്പറമ്പ്, ഏലംകുളം, പുലാമന്തോൾ, താഴേക്കോട് പഞ്ചായത്തുകളിലും പെരിന്തൽമണ്ണ മുൻസിപ്പാലിറ്റിയിലുമായി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ള സ്കൂൾ കുട്ടികൾക്കായുള്ള അടുക്കളമുറ്റത്തെ കോഴി വളർത്തൽ പദ്ധതി, പെരിന്തൽമണ്ണ മുൻസിപ്പാലിറ്റിയിൽ നടപ്പിലാക്കുന്ന നഗര പ്രദേശങ്ങളിലെ കോഴിയും കൂട്ടും പദ്ധതി എന്നിവയ്ക്കായി എത്ര ഗുണഭോക്താക്കൾക്കായി എത്ര രൂപയുടെ പദ്ധതിയാണ് ആസൂത്രണം ചെയ്തിട്ടുള്ളത്; | ബി) | ആലിപ്പറമ്പ് - 50 ഗുണഭോക്താക്കൾ -32500/-രൂപ<br>ഏലംകുളം - 50 ഗുണഭോക്താക്കൾ -32500/-രൂപ<br>പുലാമന്തോൾ- 50 ഗുണഭോക്താക്കൾ -32500/-രൂപ<br>താഴേക്കോട് - 50 ഗുണഭോക്താക്കൾ -32500/-രൂപ<br>പെരിന്തൽമണ്ണ-50 ഗുണഭോക്താക്കൾ -32500/-രൂപ<br>നഗരപ്രദേശങ്ങളിലെ കോഴിയും കൂട്ടും - 4 ഗുണഭോക്താക്കൾക്ക് -20000/- രൂപ |
| സി) | പ്രസ്തുത പദ്ധതികൾ നിയോജക മണ്ഡലത്തിലെ മറ്റ് പഞ്ചായത്തുകളിൽ കൂടി വ്യാപിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ? | സി) | നിലവിലെ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ലഭ്യമായ യൂണിറ്റുകൾ വിവിധ പഞ്ചായത്തുകൾക്കായി അനുവദിച്ചുകഴിഞ്ഞു. |

സെക്ഷൻ ഓഫീസർ